# 24. അർദ്ധരാത്രി ഒരു സ്വാതന്ത്ര്യംകൂടി

പുതുവർഷാരംഭത്തിൽ ലോകത്തിലെ സ്വതന്ത്രരാഷ്ട്രങ്ങളുടെ നിരയിലേക്ക് ഒരു പുതിയ അതിഥികൂടി വന്നെത്തിയിരിക്കുന്നു. മലയൻ ഉപദ്വീപിന്റെ തെക്കുഭാഗത്ത്, ബോർണിയോ ദ്വീപിന്റെ വടക്കെ തീരത്ത്, തെക്കൻ ചൈനക്കടലിനെ അഭിമുഖീകരിച്ചുകിടക്കുന്ന 'ബ്രൂണൈ' 1983 ഡിസംബർ 31–ാം തീയതി അർദ്ധരാത്രി ബ്രിട്ടീഷ് 'സംരക്ഷണ'ത്തിൽനിന്നു മോചനം നേടി, ഒരു സ്വതന്ത്ര രാഷ്ട്രമായി.

'നെഗര ബ്രൂണൈ ദാരുസലാം' എന്നാണു പുതിയ രാഷ്ട്രത്തിന്റെ മുഴുപ്പേർ. 'ദാരുസലാം' എന്നാൽ 'സമാധാനരാജ്യം' എന്നർത്ഥം. 2226 ച. മൈൽ വലിപ്പമുള്ള ബ്രൂണൈയിൽ 1978–ൽ രണ്ടു ലക്ഷത്തിലല്പം കൂടുതൽ ജനങ്ങളേ ഉണ്ടായിരുന്നുള്ളു.

യൂറോപ്യർ ദക്ഷിണപൂർവേഷ്യയിൽ എത്തുന്ന കാലത്ത്, 16–ാം നൂററാണ്ടിൽ, ബോർണിയോ ദ്വീപിൽ മുഴുവൻ അധികാരം ചെലുത്തിയിരുന്നതു് ബ്രൂണൈയിലെ സുൽത്താൻ ആയിരുന്നു. ഈ സുൽത്താന്റെ ശക്തി അന്നു കിഴക്ക് ഫിലിപ്പൈൻസ് ദ്വീപുകൾവരെ എത്തിയിരുന്നു. എന്നാൽ, ബ്രൂണൈ സുൽത്താനു പാശ്ചാത്യരോട് എതിർത്തുനില്ക്കാൻ കഴിഞ്ഞില്ല. തന്റെ രാജ്യത്തിന്റെ വലിയ ഒരു പങ്ക് ബ്രിട്ടീഷുകാർക്കു വിട്ടുകൊടുക്കാൻ സുൽത്താൻ നിർബന്ധിതനായി. ഇപ്പോൾ മലയ ഫെഡറേഷനിൽപ്പെട്ട 'സാരവാക്ക' ബ്രിട്ടീഷുകാരനായ ഒരു രാജാവിനു വിററതു് ബ്രൂണൈ സുൽത്താനാണ്. പത്തൊൻപതാം ശതകത്തിന്റെ മദ്ധ്യമായപ്പോഴേക്കും ബ്രൂണൈ ഇന്നത്തെ വലിപ്പത്തിലേക്കു ചുരുങ്ങി.

വാണിജ്യബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും കടൽക്കൊള്ള തടയുന്നതിനുമായി 1847–ൽ ബ്രൂണൈ സുൽത്താൻ ബ്രിട്ടനുമായി ഒരു സന്ധിയിൽ ഒപ്പുവെച്ചു. 1888–ൽ മറെറാരു സന്ധിയിലൂടെ ബ്രൂണൈ ഒരു 'ബ്രിട്ടീഷ് സംരക്ഷിതപ്രദേശ'മായി മാറി. 1963–ൽ മലയ ഫെഡറേഷൻ രൂപവൽക്കരിച്ചപ്പോൾ, ജനങ്ങളിൽ ഭൂരിപക്ഷവും മലയൻ വംശജരായിരുന്നിട്ടും, ബ്രൂണൈ ആ ഫെഡറേഷനിൽ ചേർന്നില്ല. 1971–ൽ രാജ്യരക്ഷ ബ്രൂണൈയ്ക്കു് ബ്രിട്ടൻ വിട്ടുകൊടുത്തു; അപ്പോഴും ആ രാജ്യത്തിന്റെ വിദേശബന്ധങ്ങൾ ബ്രിട്ടന്റെ കൈയിലായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി ബ്രൂണൈ സുൽത്താൻ ബ്രിട്ടനുമായി 1978–ൽ സംഭാഷണങ്ങൾ ആരംഭിച്ചു. ഈ സംഭാഷണങ്ങളെ തുടർന്നു് 1979 ജനുവരിയിൽ ഒപ്പിട്ട സന്ധിയുടെ പരിണതഫലമാണ് 1983 ഡിസംബർ 31–ാം തീയതി അർദ്ധരാത്രി ബ്രൂണൈയിലുണ്ടായ സ്വാതന്ത്ര്യോദയം.

സ്വാതന്ത്ര്യം ഉദിച്ചതു് പക്ഷേ, ബ്രൂണൈയിലെ ജനങ്ങൾക്കല്ല; 37 വയസ്സായ സുൽത്താൻ സർമുദ ഹസനൽ ബോൽക്കിയയ്ക്കാണ്. ബ്രിട്ടനിൽ സൈനികവിദ്യാഭ്യാസം നേടിയ സർ ബോൽക്കിയ, ബ്രൂണൈ സുൽത്താന്മാരുടെ പരമ്പരയിൽ 29–ാമത്തെ ആളാണത്രെ. ഇയാളുടെ അച്ഛൻ, പിന്നീടു സ്ഥാനത്യാഗംചെയ്ത സുൽത്താൻ ഓമർ അലി സൈഫുദ്ദീൻ, 1959–ൽ പ്രഖ്യാപിച്ച ഒരു ഭരണഘടന ബ്രൂണൈയ്ക്കുണ്ട്. ഇതനുസരിച്ച നിലവിൽവന്ന ലെജിസ്ളേററീവ് കൗൺസിലിലേക്ക് 1965 മുതൽ ഇരുപതംഗങ്ങളെ തെരഞ്ഞെടുത്തു തുടങ്ങിയിട്ടുണ്ട്. സ്പീക്കറെ സുൽത്താൻ നിയമിക്കുന്നു—ഏതാണ്ട് സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തെ തിരുവിതാംകൂർ നിയമസഭയിലെന്ന

പോലെ മന്ത്രിസഭയെ നിയമിക്കുന്നതും, മന്ത്രിസഭായോഗങ്ങളിൽ അദ്ധ്യക്ഷതവഹിക്കുന്നതും സുൽത്താൻതന്നെ. ഈ ജനുവരി ഒന്നാം തീയതി നിയമിക്കപ്പെട്ട മന്ത്രിസഭയിൽ സുൽത്താൻതന്നെയാണ് പ്രധാനമന്ത്രിയും ധനകാര്യമന്ത്രിയും ആഭ്യന്തരകാര്യമന്ത്രിയും. സുൽത്താൻെറ പിതാവ് വാഴ്ചയൊഴിഞ്ഞ ഓമർ അലി സൈഫുദ്ദീൻ,ആണ് രാജ്യരക്ഷാമന്ത്രി. സുൽത്താൻെറ അനുജൻ മുഹമ്മദ് ബോൽക്കിയ വിദേശകാര്യമന്ത്രി; മറെറാരനുജൻ ജെഫ്രി ബോൽക്കിയ സംസ്കാരമന്ത്രിയും ഉപ—ധനകാര്യമന്ത്രിയും.

'സ്വതന്ത്ര' രാഷ്ട്രമായ ബ്രൂണെയുടെ ഭരണം എങ്ങനെയിരിക്കും? മുൻ മുഖ്യമന്ത്രി അബ്ദുൽ അസീസ് ഉമ്മർ ഇങ്ങനെ പറഞ്ഞതായി ജനുവരി 2—ലെ 'ഹിന്ദു'വിൽ കാണുന്നു:

'പാരമ്പര്യരീതിയിൽ, സുൽത്താനും ജനങ്ങളും തമ്മിൽ സ്നേഹബഹുമാനങ്ങൾ പുലർത്തി, പ്രാദേശിക ഗോത്രാധിപന്മാർ (കാരണവന്മാർ) മുഖേനയുള്ള ഭരണത്തിൻകീഴിൽ ജനങ്ങളുടെ വികാരങ്ങൾ അറിയപ്പെടുകയും നടപ്പിലാക്കപ്പെടുകയുംചെയ്യുന്നു. തൊഴിലാളികളും ടാക്സി ഡ്രൈവർമാരും ഞങ്ങളെ ഭരിക്കുന്നതു ഞങ്ങൾക്ക് ഇഷ്ടമില്ല. ഭരിക്കാൻ അറിയുന്നവർ ഭരിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.ജോലി ചെയ്യുന്ന ഒരു ഭരണാധികാരിയാണ് സുൽത്താൻ എന്നതത്രേ ഞങ്ങളുടെ പാരമ്പര്യം. ഓരോ മിനിട്ടിലും, ഓരോ സെക്കൻഡിലും, സുൽത്താൻ തൻെറ ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്നു. ഇക്കാലത്തു് 'ജനാധിപത്യം' എന്ന വാക്കുതന്നെ ഒരു പരിഹാസമായിത്തീർന്നിട്ടുണ്ട്. ഞങ്ങൾ പുലർത്തുന്നതു് 'ജനാധിപത്യം' ആണെന്നു കമ്യൂണിസ്റ്റ് രാഷ്ട്രങ്ങൾകൂടിയും പറയുന്നു! ബ്രൂണെയിൽ ഇപ്പോഴത്തെ നല്ല ജീവിതം, ഒരുപുഴ ഒഴുകുംപോലെ, ഇനിയും തുടരും.'

ബ്രൂണെ ഒരു അവികസിത രാജ്യമാണ്. അവിടെ പത്തു ശതമാനം ഭൂമിയിലേ കൃഷിയുള്ളു. കാപ്പി, കൊക്കോ, തെങ്ങ്, കരിമ്പ്, പഴങ്ങൾ, പച്ചക്കറികൾ, റബ്ബർ മുതലായവ കൃഷി ചെയ്യാൻ ധാരാളം സാദ്ധ്യതയുണ്ട്. അടുത്തകാലംവരെ റബ്ബർ ആയിരുന്നു മുഖ്യ വിള. ഇപ്പോൾ റബ്ബറിൻെറ പ്രാധാന്യം വളരെ കുറഞ്ഞിട്ടുണ്ട്.

എന്നാലും ബ്രൂണെ ഒരു സമ്പന്നരാജ്യമാണ്. കാരണം, എണ്ണയും ഗ്യാസും അവിടെ സമൃദ്ധിയായി ഉണ്ട്. ഇപ്പോൾ ഒരാണ്ടിൽ അവിടെ നിന്നു കുഴിച്ചെടുത്തു വിൽക്കുന്നതു് ആറുകോടി ബാരൽ എണ്ണയും അഞ്ചുകോടി ടൺ ഗ്യാസും ആകുന്നു. ഈ ഇനത്തിൽ 1983—ൽ ബ്രൂണെ ഗവണ്മെൻറിൻെറ വരുമാനം ഇരുനൂറെറൺപതു കോടി ഡോളർ ആയിരുന്നുവത്രെ. ഈ വരുമാനം ജനങ്ങൾക്കിടയിൽ തുല്യമായി പങ്കിട്ടാൽ, ഒരാൾക്കു് ആണ്ടിൽ പതിന്നാലായിരം ഡോളറോളം കിട്ടും.

പക്ഷേ, സ്റ്റേററ്വരുമാനം അങ്ങനെ പങ്കിടാൻ ഉള്ളതല്ലല്ലോ. വരുമാനത്തിൻെറ പകുതിയിൽത്താഴെ,നൂറുകോടി ഡോളറോളം,സർക്കാർ ചെലവഴിക്കുന്നു, ബാക്കി സമ്പാദിക്കുന്നു. ഇപ്പോൾ ബ്രൂണെ സർക്കാർ വിദേശബാങ്കുകളിൽ (അമേരിക്കയിലായിരിക്കണം) ആയിരത്തിമുന്നൂറു കോടി ഡോളറോളം നിക്ഷേപിച്ചിട്ടുണ്ട്.

ജനങ്ങൾക്കും സുഖമാണ്. അവർ ആദായനികുതി കൊടുക്കുന്നില്ല. തൊഴിലില്ലായ്മയും ഇല്ലെന്നുതന്നെ പറയാം. എല്ലാവർക്കും വീടുണ്ട്. വിദ്യുച്ഛക്തി, വെള്ളം, വിദ്യാഭ്യാസം—ഒക്കെ ഏറെക്കുറെ സൗജന്യമായി അവർക്കു കിട്ടുന്നു. 1978—ൽ ബ്രൂണെയിൽ 41,460 മോട്ടോർവാഹനങ്ങളുണ്ടായിരുന്നു. നാട്ടിലാകെ ആ ആണ്ടിൽ ഏഴ തപാൽ ഓഫീസുകളും 9607 ടെലഫോണുകളും പ്രവർത്തിച്ചിരുന്നു. 38,000 റേഡിയോ

സെററുകളും 1,32,000 ടെലിവിഷൻ സെററുകളും ആ ആണ്ടിൽ അവിടെ ഉണ്ടായിരുന്നു.

മലയാളഭാഷയിൽ സൗജന്യവിദ്യാഭ്യാസം നൽകുന്ന പ്രൈമറി സ്കൂളുകളിൽ 16,193 വിദ്യാർത്ഥികളും അഞ്ച് മലയാ സെക്കണ്ടറി സ്കൂളുകളിൽ 1543 വിദ്യാർത്ഥികളും 25 പ്രിപ്പറേട്ടറി (ഇംഗ്ലീഷ്) സ്കൂളുകളിൽ 8139 വിദ്യാർത്ഥികളും ഏഴ് ഇംഗ്ലീഷ് സെക്കണ്ടറി സ്കൂളുകളിൽ 7824 വിദ്യാർത്ഥികളും 1977–ൽ അവിടെ പഠിച്ചിരുന്നു. ആ ആണ്ടിൽ രണ്ട് ട്രെയ്നിങ് സ്കൂളുകളിൽ 527 അദ്ധ്യാപകർക്ക പരിശീലനം നൽകിയിരുന്നു. 274 വിദ്യാർത്ഥികൾ സാങ്കേതികപരിശീലനം നേടിയിരുന്നു. ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിൽ ഈ രംഗങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ടാവണം.

മുഖ്യ ഭക്ഷ്യധാന്യമായ അരി അടക്കം ഭക്ഷ്യവിഭവങ്ങളിൽ എൺപതു ശതമാനവും ഇറക്കുമതി ചെയ്യുകയാണ്. ജപ്പാൻ, സിംഗപ്പൂർ, അമേരിക്ക, ബ്രിട്ടൻ,എന്നീ രാജ്യങ്ങളാണ് ബ്രൂണെയ്ക്ക് ആവശ്യമുള്ള സാധനങ്ങളെല്ലാം എത്തിച്ചു കൊടുക്കുന്നതു് (വെറുതെയല്ല; വിലയ്ക്കു്).

ഭൂമിശാസ്ത്രപ്രകാരവും ചരിത്രപ്രകാരവും ബ്രൂണൈ മലയാ ഫെഡറേഷനിലെ അംഗമാകേണ്ടതാണ്. പക്ഷേ, മതാധിഷ്ഠിതമായ ഏകാധിപത്യത്തിന്റെ കീഴിൽ അവികസിത ജനങ്ങളുടെ ഒരു രാജ്യമായി ഈ പ്രദേശത്തെ നിലനിർത്തേണ്ടതു് സാമ്രാജ്യശക്തികളുടെ ആവശ്യമാണ്. കാരണം, ബ്രൂണൈയിൽ കരയിലും കരയ്ക്കടുത്തു കടലിലുമുള്ള എണ്ണയും ഗ്യാസുംതന്നെ! സ്വാതന്ത്ര്യം ബ്രൂണൈ ഷെൽ പെട്രോളിയം കമ്പനിയുടെ ജന്മാവകാശമാണ്! അതു സുൽത്താൻ സംരക്ഷിക്കുമെന്നാണ് പ്രതീക്ഷ.

(3 ജനുവരി, 1984)

# 25. ചേരിചേരാ രാഷ്ട്രസമ്മേളനം

1985 മാർച്ച് മാസത്തിൽ ഡൽഹിയിൽ ചേരുന്ന ചേരിചേരാ രാഷ്ട്രങ്ങളുടെ സമ്മേളനം, അത്യധികം പ്രാധാന്യമുള്ള ലോകസംഭവമാണ്. തൊണ്ണൂറേഴ രാഷ്ട്രങ്ങൾ ഈ സമ്മേളനത്തിൽ പൂർണാംഗങ്ങളെന്ന നിലയിൽ പങ്കെടുക്കുന്നു. ഇവയിൽ അമ്പത്തിരണ്ടു രാഷ്ട്രങ്ങൾ (പാലസ്തീൻ വിമോചന സംഘടന, ദക്ഷിണ–പശ്ചിമ–ആഫ്രിക്കൻ ജനകീയ കോൺഗ്രസ് എന്നിവയടക്കം)ആഫ്രിക്കയിലുള്ളവയാണ്. ഇരുപത്തൊമ്പതു രാഷ്ട്രങ്ങൾ ഏഷ്യയിലുള്ളവയത്രേ. പതിന്നാലു രാഷ്ട്രങ്ങൾ തെക്കേ അമേരിക്കയിലുള്ളവയും രണ്ടെണ്ണം യൂറോപ്പിലുള്ളവയുമാകുന്നു. ഇവയ്ക്കു പുറമേ, രാഷ്ട്രങ്ങളും അന്താരാഷ്ട്രീയസംഘടനകളും അടക്കം പത്തൊമ്പതു നിരീക്ഷകരും, ഇരുപത്തിനാല് അതിഥികളും സമ്മേളനത്തിൽ സന്നിഹിതരായിരിക്കും.ഐക്യരാഷ്ട്രസംഘടന നിരീക്ഷകരിലും വത്തിക്കാൻ സ്റ്റേററ്, യുനെസ്കോ, ലോകാരോഗ്യസംഘടന, ഭക്ഷ്യ–കാർഷിക സംഘടന മുതലായവ അതിഥികളിലും പെടുന്നു. നിരീക്ഷകർക്ക പരസ്യവും രഹസ്യവുമായ എല്ലാ സമ്മേളനങ്ങളിലും ചർച്ചകളിലും പങ്കെടുക്കാം; പക്ഷേ, വോട്ടു ചെയ്യാൻ അധികാരം ഇല്ല. അതിഥികൾക്ക പരസ്യസമ്മേളനങ്ങളിൽ പങ്കെടുക്കുകയും അംഗങ്ങൾക്കും നിരീക്ഷകർക്കും ശേഷം പ്രസംഗിക്കുകയും ആവാം. ഐക്യരാഷ്ട്രസമിതിയിൽ ആകെയുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും ചേരിചേരാ രാഷ്ട്രസമ്മേളന